**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1901** **09-12-2022 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി വിഭാഗങ്ങൾക്കും പിന്നോക്ക സമുദായങ്ങൾക്കുമുള്ള സംവരണ ബാക്ക് ലോഗ് നികത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 01.01.2016 മുതൽ 25.11.2022 വരെയുള്ള കാലയളവിൽ യൂണിവേഴ്സിറ്റികളിൽ ഭിന്നശേഷി വിഭാഗങ്ങൾക്കും പിന്നോക്ക സമുദായങ്ങൾക്കുമുള്ള സംവരണ ബാക്ക് ലോഗിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | The Kerala Public Serivice Commission (Additional Functions as respects the service under Universities) Act 2015 പ്രകാരം, സർവകലാശാലകളിലുള്ള അനധ്യാപക തസ്തികകളിലേക്കുള്ള നേരിട്ടുള്ള നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് നടത്തുന്നത്.<br><br>01.01.2016 മുതൽ 25.11.2022 വരെയുള്ള കാലയളവിൽ യൂണിവേഴ്സിറ്റികളിലെ അദ്ധ്യാ പക തസ്തികകളിൽ ഭിന്നശേഷി വിഭാഗ ങ്ങൾക്കും പിന്നോക്ക സമുദായങ്ങൾക്കുമുള്ള സംവരണ ബാക്ക് ലോഗ്, പ്രസ്തുത കാലയളവിൽ നടത്തിയ ബാക് ലോഗ് നിയമനങ്ങളുടെ വിശദാംശങ്ങൾ എന്നിവ സർവകലാശാല തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു :<br><br>**കേരള സർവകലാശാല**<br><br>26/2014 ആക്ട് പ്രകാരം സർവകലാശാലയെ ഒരു യൂണിറ്റ് ആയി കണക്കാക്കിയാണ് സംവരണം നൽകിവരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ 2017, 2019 വർഷങ്ങളിൽ ആദ്യ വിജ്ഞാപനം പുറപ്പെടുവിപ്പിച്ചു. ഇത് പ്രകാരം 2020-'21 ൽ നടത്തിയ സെലക്ഷൻ പ്രക്രിയയ്ക്ക് ശേഷം നിലവിൽ വന്ന PWD/സംവരണ വിഭാഗങ്ങൾ എന്നിവയുടെ ബാക്ക് ലോഗ് ഒഴിവുകളുടെ വിവരങ്ങൾ **അനുബന്ധം 1** ആയി ഉള്ളടക്കം ചെയ്യുന്നു.<br><br>ഡിപ്പാർട്ട്മെന്റിനെ ഒരു യൂണിറ്റായി കണക്കാക്കി സംവരണം നൽകിയിരുന്ന പഴയ സംവരണ രീതിയിൽ ഈഴവ വിഭാഗത്തിന്റെ ഒരു backlog vacancy വഴി 2019-ൽ അസിസ്റ്റന്റ് പ്രൊഫസറായി ഒരാൾക്ക് നിയമനം നൽകിയിട്ടുണ്ട്. 2017 വിജ്ഞാപനത്തിൽ യോഗ്യരായ അപേക്ഷകർ ലഭ്യമാകാത്തതിനാൽ ഉണ്ടായ backlog ഒഴിവുകളിൽ |

പ്രസ്തുത കാലയളവിൽ നിയമനങ്ങൾ ഒന്നും നടന്നിട്ടില്ല.

**<u>മഹാത്മാഗാന്ധി സർവകലാശാല</u>**

അദ്ധ്യാപക തസ്തികകളിലെ ബാക്ക് ലോഗ് സംബന്ധിച്ച വിശദാംശങ്ങൾ, ബാക്ക് ലോഗ് നിയമനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ **അനുബന്ധം 2** ആയി ചേർത്തിരിക്കുന്നു.

**<u>കാലിക്കറ്റ് സർവകലാശാല</u>**

പ്രസ്തുത കാലയളവിൽ അദ്ധ്യാപക തസ്തികകളിൽ സംവരണ ബാക്ക് ലോഗ് ഇല്ല.

**<u>കണ്ണൂർ സർവകലാശാല</u>**

പ്രസ്തുത കാലയളവിൽ അദ്ധ്യാപക തസ്തികകളിലെ നിയമനം സംബന്ധിച്ച് ഭിന്നശേഷി വിഭാഗത്തിൽ 2 ഉം പിന്നോക്ക സമുദായത്തിൽ 2 ഉം ബാക്ക് ലോഗ് ഉണ്ട്. മുസ്ലീം വിഭാഗത്തിൽ നിന്നും ഒരു ബാക്ക് ലോഗ് നിയമനം നൽകിയിട്ടുണ്ട്.

**<u>എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവകലാശാല</u>**

സർവകലാശാലയുടെ പഠന വകുപ്പുകൾ ഇതുവരെ ആരംഭിച്ചിട്ടില്ലാത്തതിനാൽ അദ്ധ്യാപക തസ്തികയിൽ നിയമനമൊന്നും നടത്തിയിട്ടില്ല.

**<u>കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല</u>**

നിലവിൽ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരമാണ് നടത്തുന്നത്. എന്നാൽ നിയമന നടപടികൾ ആരംഭിച്ചിരുന്ന കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല യിലെ സ്വീപ്പർ കം ക്ലീനർ തസ്തികയിലേക്ക് 1996 മുതലുള്ള ബാക്ക് ലോഗ് ഒഴിവുകൾ കണക്കാക്കി, ആയതിന്റെ 1% Locomotor Disability ആയിട്ടുള്ള ഭിന്നശേഷി വിഭാഗത്തിനു നിയമനം നൽകുവാ നുള്ള ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കിക്കൊണ്ട് ടി വിഭാഗ ത്തിൽപ്പെട്ട ഭിന്നശേഷിക്കാരായ 2 പേർക്ക് സ്വീപ്പർ കം ക്ലീനർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

അദ്ധ്യാപക തസ്തികകളിലെ ബാക്ക് ലോഗ് സംബന്ധിച്ച വിശദാംശങ്ങൾ, ബാക്ക് ലോഗ് നിയമനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ **അനുബന്ധം 3** ആയി ചേർത്തിരിക്കുന്നു.

| | | | |
|---|---|---|---|
| | | | **<u>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല</u>**<br><br>സർവകലാശാല അദ്ധ്യാപക തസ്തികകളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തിക മാത്രമാണ് ഭിന്നശേഷി വിഭാഗത്തിനായി സംവരണം ചെയ്തിട്ടുള്ളത്. അതിൽ റൊട്ടേഷൻ ക്രമം 1 (Out of Turn) കാഴ്ച വൈകല്യമുള്ളവർക്കായുള്ള ഒഴിവിൽ സംഗീത വകുപ്പിൽ കാഴ്ചവൈകല്യമുള്ള ശ്രീ. അരവിന്ദാക്ഷൻ കെ. യെ 08.12.2010-ന് നിയമിച്ചിട്ടുണ്ട്. പിന്നീട് വന്നിട്ടുള്ള 34, 67 എന്നീ ഭിന്നശേഷിക്കാർക്കായുള്ള ഒഴിവുകൾ 31.08.2019-ലും 24.11.2021-ലും നിയമനത്തിനായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഭിന്നശേഷി ക്കാർക്കായി അദ്ധ്യാപക തസ്തികകളിൽ ബാക്ക് ലോഗ് ഒഴിവുകൾ നിലവിലില്ല. |
| (ബി) | പ്രസ്തുത കാലയളവിൽ നടത്തിയ ബാക്ക്ലോഗ് നിയമനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | (എ)-യിൽ നൽകിയിരിക്കുന്നു. |
| (സി) | പ്രസ്തുത ബാക്ക് ലോഗ് നാളിതുവരെ നികത്തിയിട്ടില്ലെങ്കിൽ കാരണം എന്താണെന്നും ബാക്ക് ലോഗ് നിയമനങ്ങൾ പൂർത്തീകരിക്കുന്നത് എപ്പോഴെന്നും വ്യക്തമാക്കുമോ? | (സി) | **<u>കേരള സർവകലാശാല</u>**<br><br>ഭിന്നശേഷി/ഒ.ബി.സി. ബാക്ക് ലോഗുമായി ബന്ധപ്പെട്ട് റീ-നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**<u>മഹാത്മാഗാന്ധി സർവകലാശാല</u>**<br><br>**അനുബന്ധം 4** ആയി ചേർത്തിരിക്കുന്നു.<br><br>**<u>കാലിക്കറ്റ് സർവകലാശാല</u>**<br><br>ബാക് ലോഗ് നികത്താനായി സർവകലാശാല പുറപ്പെടുവിച്ച 2015 ലെ വിജ്ഞാപനം ഹൈക്കോടതി റദ്ദ് ചെയ്യുകയും പുതിയ വിജ്ഞാ പനം ഇറക്കാൻ ആവശ്യപ്പെട്ടുകയും ചെയ്തി രുന്നു. മുൻപ് ഡിപ്പാർട്ട്മെന്റുകൾ ഓരോന്നും വെവ്വേറെ യൂണിറ്റായി എടുത്താണ് സർവകലാ ശാലയിൽ നിയമനം നടത്തിയിരുന്നത്. എന്നാൽ University Laws (second Amendment) Act 2014, യു.ജി.സി. യുടെ 08.03.2019 ലെ F1-5 2006(SCT) നമ്പർ കത്തിലൂടെ നൽകിയ നിർദ്ദേശം, 9785 of 2015-W, 17961 of 2015-U, 18659 of 2015-F & 18797 of 2015-Y dated 03.02.2016 നമ്പർ ഹൈക്കോടതി വിധി എന്നിവയുടെ അടിസ്ഥാനത്തിൽ സർവകലാ ശാല ഒറ്റ യൂണിറ്റായി പരിഗണിച്ച് സംവരണ ക്രമം നടപ്പിലാക്കുകയുണ്ടായി. ഈ കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇറക്കിയ 31.12.2019 തീയതിയിലെ വിജ്ഞാപനത്തിലൂടെ ഉണ്ടായ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ 10 NCA |

| | | | |
|---|---|---|---|
| | | | ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>**<u>കണ്ണൂർ സർവകലാശാല</u>**<br><br>മതിയായ യോഗ്യതയുള്ള അപേക്ഷകരുടെ അഭാവം കാരണമാണ് അദ്ധ്യാപക തസ്തിക കളിലേക്ക് നിയമനങ്ങൾ നടക്കാതിരുന്നത്. ഇതിലേക്കായി Re-notification പുറപ്പെടുവി ച്ചിട്ടുണ്ട്.<br><br>**<u>കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല</u>**<br><br>അദ്ധ്യാപക തസ്തികകളിലേക്കുള്ള ബാക് ലോഗുകൾ നിയമനത്തിനായി പരസ്യപ്പെടുത്തിയിട്ടുണ്ട്. ഇതോടനുബന്ധിച്ചുള്ള നിയമനപ്രക്രിയ നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ

U.S.Q. 1901

അനുബന്ധം - 1

Kerala University

## Backlog of reserved posts

**Assistant Professor**

| Sl.No. | Name of Department | Reservation Turn |
|---|---|---|
| 1 | Department of German | LC/AI |
| 2 | Department of Aquatic Biology & Fisheries | M(Stay order on re-notification) |
| 3 | Department of Library & Information Science | Out of turn-Hearing Impaired |

**Associate Professor**

| Sl.No. | Name of Department | Reservation Turn |
|---|---|---|
| 1 | Department of Tamil | Out of turn - Blindness/Low vision |
| 2 | Department of Statistics | E/B/T |
| 3 | Department of Linguistics | SC |
| 4 | Department of Psychology | OBC |
| 5 | Department of Demography | SC |
| 6 | Department of Physics | E/B/T |
| 7 | Department of Aquatic Biology & Fisheries | M |
| 8 | Department of Mathematics | E/B/T |
| 9 | Department of Computer Science | V |
| 10 | Department of Environmental Science | LC/AI |
| 11 | Department of Zoology | SC |
| 12 | Department of Aquatic Biology & Fisheries | E/B/T |
| 13 | Department of Communication & Journalism | SC |
| 14 | Department of History | Out of turn - Hearing Impaired |

**Professor**

| Sl.No. | Name of Department | Reservation Turn |
|---|---|---|
| 1 | Department of Tamil | Out of turn - Blindness/ Low vision |
| 2 | Department of Linguistics | E/B/T |
| 3 | Department of Economics | SC |
| 4 | Department of Zoology | M |
| 5 | Department of Mathematics | LC/AI |
| 6 | Department of Communication & Journalism | OBC |
| 7 | Department of Chemistry | SC |
| 8 | Department of Islamic Studies | M |
| 9 | Department of Aquatic Biology & Fisheries | E/B/T |
| 10 | Department of Archaeology | V |
| 11 | Department of Demography | LC/AI |
| 12 | Department of Library & Information Science | SC |
| 13 | Department of Law | M |
| 14 | Department of Sanskrit | E/B/T |
| 15 | Department of Biochemistry | M |

## അനുബന്ധം 2

**01.01.2016 മുതൽ 25.11.2022 വരെയുള്ള കാലയളവിൽ മഹാത്മാഗാന്ധി സർവകലാശാലയിൽ ഭിന്നശേഷി വിഭാഗങ്ങൾക്കും പിന്നോക്ക സമുദായങ്ങൾക്കുമുള്ള സംവരണ ബാക്ക് ലോഗിന്റെ വിശദാംശം**

| തസ്തിക | സ്കൂൾ | റൊട്ടേഷൻ |
|---|---|---|
| പ്രൊഫസർ | സ്കൂൾ ഓഫ് ലെറ്റേഴ്സ് | വിശ്വകർമ്മ |
| പ്രൊഫസർ | | PH - Blind |
| അസ്സോസിയേറ്റ് പ്രൊഫസർ | സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് | മുസ്ലീം |
| അസ്സോസിയേറ്റ് പ്രൊഫസർ | സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സ് | വിശ്വകർമ്മ |
| അസ്സോസിയേറ്റ് പ്രൊഫസർ | സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസ് | PH - Deaf |
| അസിസ്റ്റന്റ് പ്രൊഫസർ | സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് | PH - O |
| അസിസ്റ്റന്റ് പ്രൊഫസർ | സ്കൂൾ ഓഫ് കെമിക്കൽ സയൻസ് | PH - HI |
| അസിസ്റ്റന്റ് പ്രൊഫസർ | സ്കൂൾ ഓഫ് ലെറ്റേഴ്സ് | PH - O |

**01.01.2016 മുതൽ 25.11.2022 വരെ നടത്തിയ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടത്തിയിട്ടുള്ള ബാക്ക് ലോഗ് നിയമനത്തിന്റെ വിശദാംശം**

| തസ്തിക | സ്കൂൾ | റൊട്ടേഷൻ | നിയമിതരുടെ പേര് |
|---|---|---|---|
| പ്രൊഫസർ | സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സ് | SC | ഡോ. സരിത എ.സി. |
| പ്രൊഫസർ | സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് | SC | ഡോ. അനിത സി. കുമാർ |
| അസ്സോസിയേറ്റ് പ്രൊഫസർ | സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് | LC/AI | ഡോ. ഡിറ്റി ഡിക്സൺ |
| അസ്സോസിയേറ്റ് പ്രൊഫസർ | സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ് | SC | ഡോ. ബൈജു കെ.ആർ |
| അസ്സോസിയേറ്റ് പ്രൊഫസർ | സ്കൂൾ ഓഫ് ലെറ്റേഴ്സ് | PH - Blind | ഡോ. രോഹിത് പി. |
| അസിസ്റ്റന്റ് പ്രൊഫസർ | സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസ് | Dheevara | ഡോ. മധുലാൽ എം.വി. |

സെക്ഷൻ ഓഫീസർ

# അനുബന്ധം 3

**01.01.2016 മുതൽ 25.11.2022 വരെയുള്ള കാലയളവിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ അധ്യാപക തസ്തികളിൽ ഭിന്നശേഷി വിഭാഗങ്ങൾക്കും പിന്നോക്ക സമുദായങ്ങൾക്കുമുള്ള സംവരണ ബാക് ലോഗിന്റെ വിശദാംശങ്ങൾ**

| Sl. No. | Name of Post | PwD Backlog | Reserved Backlog |
|---|---|---|---|
| 1. | Assistant Professor | 3 | 30 |
| 2. | Associate Professor | 2 | 8 |
| 3. | Professor | 1 | 3 |

**01.01.2016 മുതൽ 25.11.2022 വരെയുള്ള കാലയളവിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ അധ്യാപക തസ്തികളിൽ ഭിന്നശേഷി വിഭാഗങ്ങൾക്കും പിന്നോക്ക സമുദായങ്ങൾക്കുമുള്ള സംവരണ ബാക് ലോഗിന്റെ വിശദാംശങ്ങൾ**

| Sl. No. | Name of Post | PwD | Reserved |
|---|---|---|---|
| 1. | Assistant Professor | 1 | 18 |
| 2. | Associate Professor | 0 | 0 |
| 3. | Professor | 0 | 0 |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 4

**01.01.2016 മുതൽ 25.11.2022 വരെയുള്ള കാലയളവിൽ മഹാത്മാഗാന്ധി സർവകലാശാലയിൽ ഭിന്നശേഷി വിഭാഗങ്ങൾക്കും പിന്നോക്ക സമുദായങ്ങൾക്കുമുള്ള സംവരണ ബാക്ക് ലോഗ് നികത്താത്തതിന്റെ കാരണങ്ങൾ**

| തസ്തിക | സ്കൂൾ | റൊട്ടേഷൻ | റിമാർക്ക്സ് |
|---|---|---|---|
| പ്രൊഫസർ | സ്കൂൾ ഓഫ് ലെറ്റേഴ്സ് | വിശ്വകർമ്മ | യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിച്ചിട്ടില്ല. |
| പ്രൊഫസർ | | PH – Blind | നിലവിൽ ഒഴിവില്ല. ഒഴിവ് വരുന്ന മുറയ്ക്ക് നികത്തുന്നതാണ്. |
| അസ്സോസിയേറ്റ് പ്രൊഫസർ | സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് | മുസ്ലീം | യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിച്ചിട്ടില്ല. ആയതിനാൽ അടുത്ത വിജ്ഞാപനത്തിൽ ടി തസ്തിക LC/AI വിഭാഗത്തിന് മാറ്റി നൽകുന്നതിനായി നിയമാനുസൃതം തീരുമാനമായിട്ടുണ്ട്. |
| അസ്സോസിയേറ്റ് പ്രൊഫസർ | സ്കൂൾ ഓഫ് പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സ് | വിശ്വകർമ്മ | യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിച്ചിട്ടില്ല. ആയതിനാൽ അടുത്ത വിജ്ഞാപനത്തിൽ ടി തസ്തിക ധീവര വിഭാഗത്തിന് മാറ്റി നൽകുന്നതിനായി നിയമാനുസൃതം തീരുമാനമായിട്ടുണ്ട്. |
| അസ്സോസിയേറ്റ് പ്രൊഫസർ | സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസ് | PH – Deaf | വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ നടത്തി വരുന്നു. |
| അസിസ്റ്റന്റ് പ്രൊഫസർ | സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് | PH – O | യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിച്ചിട്ടില്ല. ആയതിനാൽ അടുത്ത വിജ്ഞാപനത്തിൽ ടി തസ്തിക PH – Cerebral Palsy ക്ക് മാറ്റി നൽകാൻ നിയമാനുസൃതം തീരുമാനമായിട്ടുണ്ട്. |
| അസിസ്റ്റന്റ് പ്രൊഫസർ | സ്കൂൾ ഓഫ് കെമിക്കൽ സയൻസ് | PH – HI | വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ നടത്തി വരുന്നു. |
| അസിസ്റ്റന്റ് പ്രൊഫസർ | സ്കൂൾ ഓഫ് ലെറ്റേഴ്സ് | PH – O | വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ